## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ജാഫർ മലിക് IAS)

തിരുവനന്തപുരം

ഉത്തരവ് നം.: C2-1073/19. തീയതി: 15.6.2019

---

വിഷയം: സാമൂഹ്യനീതി വകുപ്പ്- ട്രാൻസ്ജൻഡർ ക്ഷേമം - കെയർഹോം / ഷോർട്ട് സ്റ്റേ ഹോം ആരംഭിക്കൽ - മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം - നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ(സാധാ)നം.98/2018/സാ.നീ.വ തീയതി: 25.2.18.
2. സ.ഉ(സാധാ)നം.18/2019/സാ.നീ.വ തീയതി: 16.1.2019.
3. 9.5.2019-ൽ സാമൂഹ്യനീതി ഡയറക്ടറുടെ ചേമ്പറിൽ ചേർന്ന മീറ്റിംഗിന്റെ മിനിട്സ്.

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജൻഡർ പോളിസിയുടെ ഭാഗമായി ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന / ക്രൈസിസിൽ അകപ്പെടുന്ന നിരാലംബരായ ട്രാൻസ്ജൻഡർ വ്യക്തികൾക്ക് ഹ്രസ്വകാല താമസം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് കെയർ ഹോം / ഷോർട്ട് സ്റ്റേ ഹോം ആരംഭിക്കാൻ പരാമർശം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്ന CBO/ NGOകൾ മുഖാന്തിരം വകുപ്പിന്റെ കർശന നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് ഹോമുകൾ ആരംഭിക്കുന്നത്. ഇത്തരം ഹോമുകളുടെ പ്രവർത്തനം, ഫണ്ട് വിനിയോഗം എന്നിവ വിലയിരുത്തുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു മോണിറ്ററിംഗ് കമ്മിറ്റിയുടെ സേവനം അനിവാര്യമാണ്. ഇപ്രകാരമുള്ള മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച പരാമർശം (3) ലെ തീരുമാനപ്രകാരം രൂപപ്പെടുത്തിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ നിലവിൽ എല്ലാ ജില്ലകളിലും ട്രാൻസ്ജൻഡർ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ ട്രാൻസ്ജൻഡർ ജസ്റ്റിസ് ബോർഡുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സാഹചര്യത്തിൽ പുതുതായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഇല്ലായെന്ന് കാണുന്നു.

മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ CBO-കൾ മുഖേന ആരംഭിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള കെയർ ഹോം / ഷോർട്ട് സ്റ്റേ ഹോമുകളുടെ മോണിറ്ററിംഗ് ജില്ലാ ട്രാൻസ്ജൻഡർ ജസ്റ്റിസ് ബോർഡ് മുഖേന നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഹോമിന്റെ പ്രവർത്തനം സംബന്ധിച്ച അജണ്ട ജസ്റ്റിസ്

*db@*

ബോർഡ് പ്രതിമാസ മീറ്റിംഗിൽ ഉൾപ്പെടുത്തേണ്ടതും എല്ലാ മാസവും കളക്ടർ / കളക്ടറുടെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ ഹോമിന്റെ പ്രവർത്തനം വിലയിരുത്തേണ്ടതാണ്. ഹോമിന്റെ ദൈനംദിന പ്രവർത്തനങ്ങൾ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഉതകുന്ന തരത്തിലുള്ളതാണെന്നും വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്നും ഉറപ്പാക്കേണ്ട ചുമതല പൂർണ്ണമായും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറിൽ നിക്ഷിപ്തമാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക്.

പകർപ്പ്:

1. സൂപ്രണ്ട്, പ്ലാനിംഗ് സെൽ / ഓഡിറ്റ് സെൽ
2. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്



Email: swdkerala@gmail.com , website: www.sjdkerala.gov.in